"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ടൗൺ പ്ലാനർ ശ്രീമതി..ലീലിറ്റി തോമസ് - ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (EWB) വകുപ്പ്

സ.ഉ.(സാധാ) നം.191/2023/LSGD തീയതി,തിരുവനന്തപുരം, 23-01-2023

പരാമർശം:-
1. 05.10.2021 തീയതിയിലെ സ.ഉ(സാധാ) നം.1910/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. മുഖ്യനഗരാസൂത്രകന്റെ 27.12.2022 തീയതിയിലെ TCPCTP/1639/2022-A3 നമ്പർ കത്ത്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 03.11.2022 ലെ GE19/B/TPL - 3/208216/539 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം 11.10.2021 പൂർവാഹ്നം മുതൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ലീലിറ്റി തോമസ് , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം പൂർത്തിയായിട്ടുള്ളതായും ടിയാരിയുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിരീക്ഷണ കാലയളവിലെ ടിയാരിയുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാരിയുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും മുഖ്യ നഗരാസൂത്രകൻ(പ്ലാനിംഗ്) സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

2. ശ്രീമതി. ശ്രുതി അശോക് നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന തരത്തിൽ 23 ദിവസത്തെ അവധി വിനിയോഗിച്ചതായി അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 11.10.2021 പൂർവാഹ്നം ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി..ലീലിറ്റി തോമസ് 23 ദിവസത്തെ അവധി കാലയളവ് കൂടി പരിഗണിച്ച് ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്.ആർ റൂൾ 20 (ബി) പ്രകാരം 04.05.2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.